**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**

കേരള കാർഷിക സർവ്വകലാശാല

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം

Email: adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228

നമ്പർ: ഡി3-3277/2024 തിയ്യതി : 21 /06 /2024

## ദർഘാസ് അറിയിപ്പ്

ഈ സ്ഥാപനത്തിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ രാസവളങ്ങൾ, യൂറിയ, രാജ്ഫോസ് , പൊട്ടാഷ്(MoP),ലയിം ഷെൽ എന്നിവ 2024-25 സാമ്പത്തിക വർഷത്തേക്ക് ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ചുവടെ ചേർത്ത നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1. ഒരുകിലോ യൂറിയ, രാജ്ഫോസ്, പൊട്ടാഷ് ( MoP), ലയിം ഷെൽ എന്നിവ ലഭ്യമാക്കുന്നതിന് വേണ്ട തുകയുമാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
2. ദർഘാസ് ഉറപ്പിക്കുന്ന സ്ഥാപനം ഈ സ്റ്റേഷനിൽനിന്നും നൽകുന്ന വിതരണഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തിയ്യതിക്കകം സാധനങ്ങൾ ലഭ്യമാകേണ്ടതാണ് .
3. www.rarsptb.kau.in/tenders, www.kau.in/tenders എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമിലാണ് ദർഘാസ് സമർപ്പിക്കേണ്ടത്. ടെൻഡർ ഫോമിന്റെ വില, ജി. എസ് ടി ഉൾപ്പെടെ 472 /- രൂപ, നിരതദ്രവ്യം 2000/- രൂപ എന്നിവ "അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ എ ആർ എസ് , പട്ടാമ്പി" എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടാമ്പി ശാഖയിൽ മാറാവുന്ന രണ്ട് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകളായി ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.
4. 200/- രൂപ വിലയുള്ള മുദ്ര പേപ്പറിൽ, www.rarsptb.kau.in/tenders,www.kau.in/tenders എന്ന വെബ് സൈറ്റിൽ നൽകിയ മാതൃകയിൽ കരാർ എഴുതി ഒപ്പിട്ട് ദർഘാസിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.
5. മുദ്ര വച്ച കവറിൽ "ഡി3/3277/2024 തിയ്യതി 21.06.2024 , യൂറിയ, രാജ്ഫോസ് , പൊട്ടാഷ്(MoP),ലയിം ഷെൽ എന്നിവ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ " എന്നെഴുതി, "അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ എ ആർ എസ്, പട്ടാമ്പി" എന്ന വിലാസത്തിൽ 10.07.2024 തിയ്യതി ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി ഈ സ്ഥാപനത്തിൽ എത്തിയ്ക്കേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
6. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30 ന് ദർഘാസുകൾ ആ സമയത്ത് ഹാജരായ ദർഘാസ് സമർപ്പിച്ച വ്യക്തികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.
7. ടെൻഡർ ലഭിച്ച വ്യക്തി 200/- രൂപയുടെ മുദ്ര പേപ്പറിൽ അസ്സോസിയേറ്റ് ഡയറക്ടർ റിസേർച്ചുമായിwww.rarsptb.kau.in/tenders എന്ന വെബ്സൈറ്റിൽ നൽകിയ മാതൃകയിൽ കരാറിൽ ഏർപ്പെടുകയും, 5000/- രൂപ സുരക്ഷിത നിക്ഷേപമായി ഈ സ്ഥാപനത്തിൽ അടയ്ക്കേണ്ടതുമാണ്.
8. ടെൻഡർ സ്വീകരിക്കുന്നതിനോ കാരണം കൂടാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.
9. ടെൻഡറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നിബന്ധനങ്ങളും ഇതിനും ബാധകമായിരിക്കും.

ഒപ്പ്

അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താവ്. നോട്ടീസ് ബോർഡ് - ഓഫീസ്, ഫാം, മിനി സിവിൽസ്റ്റേഷൻ, കെ എ യു വെബ്സൈറ്റ്

പകർപ്പ്.ശ്രീമതി. ഗീത എം, ഫാം മാനേജർ( ഗ്രേഡ് I )

// അംഗീകരത്തോടെ അയയ്ക്കുന്നത് //

സെക്ഷൻ ഓഫീസർ